LIBRARY ARCHIVES Kerala Legislative Assembly

നബാർഡിന്റെ ധനസഹായത്തോടെ ചെറുകിട ജലസേചന പദ്ധതികൾ

25 [3612] ശ്രീ. യു. സി. രാമൻ:
" കളത്തിൽ അബ്ദുള്ള:
" ടി. പി. എം. സാഹിർ:
" കെ. കുട്ടി അഹമ്മദ് കുട്ടി:
" ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെ 2002-2003, 2003-2004 വർഷങ്ങളിൽ സംസ്ഥാനത്ത് ചെറുകിട ജലസേചന പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പണി പൂർത്തിയായി;

(സി) എത്ര എണ്ണത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു;

(ഡി) ഇവയുടെ പണി എപ്പോൾ പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) നബാർഡിന്റെ ധനസഹായത്തോടെ 2002-2003-ൽ ആർ. ഐ. ഡി. എഫ്. VIII-ൽ ഉൾപ്പെടുത്തിയും 2003-2004-ൽ ആർ. ഐ. ഡി. എഫ്. IX-ൽ ഉൾപ്പെടുത്തിയും സംസ്ഥാനത്ത് ചെറുകിട പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇവ ജില്ല തിരിച്ച് പൂർത്തിയായതും നിർമ്മാണത്തിലിരിക്കുന്നതുമായ പദ്ധതികൾ വേർതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) 36 എണ്ണത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു.

(ഡി) ഇവയുടെ പണി 2005 മാർച്ചോടെ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

പത്ത് വർഷത്തിലധികമായ ജലസേചന പദ്ധതികൾ

26 [3613] ഡോ. കെ. സി. ജോസഫ്:
ശ്രീ. എ. സി. ഷൺമുഖദാസ്:
" സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണി തുടങ്ങിയിട്ട് 10 വർഷത്തിലധികമായ എത്ര ജലസേചന പദ്ധതികൾ സംസ്ഥാനത്തുണ്ട്; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

† അനുബന്ധം IV കാണുക.

(ബി) പ്രോജക്ടിൽ കാണിച്ചിട്ടുള്ള പ്രദേശങ്ങളിൽ ജലവിതരണം ലഭിച്ചുവെന്ന് ഉറപ്പുകിട്ടിയതിന് ശേഷമേ പുതുതായി എക്സ്റ്റൻഷൻ അനുവദിക്കുകയുള്ളൂവെന്ന് തീരുമാനിക്കുമോ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുവാൻ സമർപ്പിക്കപ്പെട്ട പുതിയ പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഡി) നിലവിൽ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾക്കെല്ലാം കൂടി ആകെ എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) പണി തുടങ്ങിയിട്ട് 10 വർഷത്തിലധികമായ 10 ജലസേചന പദ്ധതികൾ സംസ്ഥാനത്തുണ്ട്. അവ താഴെ പറയുന്നവയാണ്.

1. കാരാപ്പുഴ പദ്ധതി
2. കുറിയാർകുറ്റി-കാരപ്പാറ പദ്ധതി
3. അട്ടപ്പാടിവാലി പദ്ധതി
4. റഗുലേറ്റർ കം ബ്രിഡ്ജ് ചാമ്രവട്ടം
5. പഴശ്ശി പദ്ധതി
6. കാഞ്ഞിരപ്പുഴ പദ്ധതി
7. ബാണാസുരസാഗർ പദ്ധതി
8. മൂവാറ്റുപുഴ ജലസേചന പദ്ധതി
9. ഇടമലയാർ പദ്ധതി
10. കല്ലട പദ്ധതി

(ബി) പണി നടന്നുവരുന്ന പദ്ധതികളുടെ നിലവിൽ ഏറ്റെടുത്തിട്ടുള്ള പണികൾ പൂർത്തീകരിക്കുന്നതിനാണ് മുൻഗണന നൽകിവരുന്നത്.

(സി) കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുവാനായി പുതിയ പദ്ധതികൾ ഒന്നും സമർപ്പിച്ചിട്ടില്ല.

(ഡി) നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾക്കെല്ലാംകൂടി 825.91 ലക്ഷം രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly